**ഭരണഭാഷ – മാതൃഭാഷ**

**കേരള സർക്കാർ**
**സംഗ്രഹം**

നിയമ (ഭരണ I) വകുപ്പ് - നിയമ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് ടീം പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ (ഭരണ I) വകുപ്പ്

സ.ഉ. (സാധാ) നം. 211/2020/നിയമം തീയതി,
തിരുവനന്തപുരം, 20.02.2020

പരാമർശം:- 1) സ.ഉ. (സാധാ) നം. 1230/2016/നിയമം തീയതി 26.10.2016.
2) സ.ഉ. (സാധാ) നം. 309/2018/നിയമം തീയതി 19.03.2018.
3) സ.ഉ. (സാധാ) നം. 1577/2018/നിയമം തീയതി 21.12.2018

## ഉത്തരവ്

നിയമ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച നിയമ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് ടീം പരാമർശം (2),(3) പ്രകാരം പിന്നീട് പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഓഡിറ്റ് ടീമിലെ പല ഉദ്യോഗസ്ഥർക്കും പ്രമോഷനും സ്ഥലമാറ്റവും വന്നിട്ടുള്ളതിനാലും ഓഡിറ്റ് ടീമിൽ തുടരുന്നതിന് അസൗകര്യം ഉണ്ടായിട്ടുള്ളതിനാലും നിലവിലെ ഓഡിറ്റ് ടീം പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയായ ശ്രീ.ബി.പ്രതാപചന്ദ്രന്റെ നേതൃത്വത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നിയമ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് ടീം പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

1. ശ്രീ.ബി.പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. എ. അശോക് കുമാർ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. മദന കുമാർ എസ്.ആർ, അണ്ടർ സെക്രട്ടറി, ഒ.എൽ.എൽ.സി

4. ശ്രീ. എസ്. സജീവ്, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്
5. ശ്രീമതി. ലേഖ എസ്. സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്
6. ശ്രീമതി. കാർത്തിക ജി. കൃഷ്ണൻ, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്
7. ശ്രീ. ജയാസ് ചന്ദ്രൻപ്പിള്ള, ലീഗൽ അസിസ്റ്റന്റ്, നിയമ വകുപ്പ്

പ്രസ്തുത ടീം നിയമ വകുപ്പിലെയും, കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മിഷനിലെയും, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിലെയും കണക്കുകളും മറ്റ് രജിസ്റ്ററുകളും പരിശോധിച്ച് ന്യൂനതകളുണ്ടെങ്കിൽ ചൂണ്ടിക്കാട്ടി, ശുപാർശ സഹിതം നിയമ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും റിപ്പോർട്ട് പരിശോധിച്ച് നിയമ (പാർല) വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നിയമ വകുപ്പിലേയും അതിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നീ ഓഫീസുകളിലേയും ഓഡിറ്റ് സമയബന്നിതമായി പൂർത്തീകരിക്കേണ്ടതാണ്. ഓരോ സ്ഥാപനത്തിലും ഓഡിറ്റ് ടീം പരിശോധനയ്ക്ക് എത്തുന്ന വിവരം ബന്ധപ്പെട്ട ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതും രജിസ്റ്ററുകൾ ഉൾപ്പെടെയുള്ളവ അപ്ഡേറ്റ് ചെയ്ത് ഹാജരാക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിയമ വകുപ്പിലെയും കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മിഷനിലെയും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹകരണം ഉണ്ടായിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ
പ്രകാരം,
അരവിന്ദ ബാബു പി.കെ.,

നിയമ സെക്രട്ടറി

1. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും.
2. അക്കൗണ്ടന്റ് ജനറൽ •എ&ഇ), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ •ഓഡിറ്റ്), തിരുവനന്തപുരം
4. സെക്രട്ടറി, കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മിഷൻ, തിരുവനന്തപുരം.
5. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ, തിരുവനന്തപുരം.
6. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
7. നിയമ സെക്രട്ടറിയുടെ പി.എ.
8. നിയമ (ഭരണ) വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ.
9. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്
10. നിയമ (അക്കൗണ്ട്സ്) വകുപ്പ്
11. നിയമ (നോഡൽ¶വകുപ്പ്
12. സ്റ്റോക്ക് ഫയൽ ¨ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ